# മുസ്‌ലിം മജ്‌ലിസെ മുശാവറ പ്രമേയങ്ങൾ

**ഇന്ത്യയിലെ** മുസ്‌ലിം സംഘടനകളുടെ കൂട്ടായ്മയായ ആൾ ഇന്ത്യ മുസ്‌ലിം മജ്‌ലിസെ മുശാവറയുടെ പ്രവർത്തക സമിതി ദൽഹിയിൽ ചേർന്നു. പ്രസിഡന്റ് ഡോ. സഫറുൽ ഇസ്‌ലാം ഖാൻ അധ്യക്ഷത വഹിച്ചു. ജമാഅത്തെ ഇസ്‌ലാമി അഖിലേന്ത്യാ അമീർ സയ്യിദ് ജലാലുദ്ദീൻ ഉമരി, മൗലാനാ ശഫീഅ് മുനീസ്, അമാനുല്ലാ ഖാൻ, എസ്.എം.വൈ നദീം, പ്രഫ. ഷകീൽ അഹ്മദ്, ഹാകിം സയ്യിദ് സില്ലുറഹ്മാൻ, പ്രഫ. എസ്.എം യഹ്‌യ, അഹ്മദ് റഷീദ് ഷെർവാനി, ബീഗം നുസ്‌റത് ഷെർവാനി, സയ്യിദ് ശഹാബുദ്ദീൻ, മുഹമ്മദ് സിയാഉൽഹഖ്, പ്രഫ. ജെ.എസ് ബന്ദൂക്ക്‌വാല, മൗലാനാ അസ്ഗർ ഇമാം മെഹ്ദീ സലഫി (അഹ്‌ലെ ഹദീസ്) തുടങ്ങിയവർ സംബന്ധിച്ചു.

കഴിഞ്ഞ സെപ്റ്റംബറിൽ ദൽഹി പോലീസ് ബട്‌ല ഹൗസിൽ നടത്തിയ വ്യാജ ഏറ്റുമുട്ടലിന് ദേശീയ മനുഷ്യാവകാശ കമീഷൻ ക്ലീൻചിറ്റ് നൽകിയതിൽ യോഗം കടുത്ത പ്രതിഷേധം രേഖപ്പെടുത്തി.

രംഗനാഥ മിശ്ര കമീഷൻ റിപ്പോർട്ട് പാർലമെന്റിൽ ചർച്ച ചെയ്യുകയും നിർദേശങ്ങൾ നടപ്പാക്കുകയും ചെയ്യണമെന്ന് യോഗം യു.പി.എ സർക്കാറിനോട് ആവശ്യപ്പെട്ടു.

അലീഗഢ് മുസ്‌ലിം യൂനിവേഴ്‌സിറ്റി വൈസ് ചാൻസലർ ഡോ. പി.കെ അബ്ദുൽ അസീസിനെതിരെ ഉന്നയിക്കപ്പെട്ട ആരോപണങ്ങൾക്ക് പിന്നിൽ നിക്ഷിപ്ത താൽപര്യക്കാരായ ചില വ്യക്തികളും സംഘങ്ങളുമാണെന്ന് യോഗം വിലയിരുത്തി.

യോഗം അംഗീകരിച്ച പ്രമേയങ്ങളിൽ ചിലത്:

● ലിബർഹാൻ കമീഷൻ റിപ്പോർട്ട് എത്രയും വേഗം പാർലമെന്റിൽ ചർച്ച ചെയ്യണം.

● വിദ്യാഭ്യാസാവകാശ ബില്ലിനെ സ്വാഗതം ചെയ്യുന്നു. എന്നാൽ ദരിദ്രവിദ്യാർഥികൾക്ക് ഗുണനിലവാരമില്ലാത്ത സർക്കാർ സ്‌കൂളുകളും ധനികർക്ക് ഉയർന്ന സ്ഥാപനങ്ങളും എന്ന അവസ്ഥക്ക് ബില്ല് വളംവെക്കരുത്. ന്യൂനപക്ഷ സ്ഥാപനങ്ങൾ ആരംഭിക്കാനുള്ള കടമ്പകൾ ലഘൂകരിക്കുകയും വേണം.

● ഭീകരതയുടെ പേരിൽ അനേകായിരം മുസ്‌ലിം ചെറുപ്പക്കാർ ജയിലുകളിൽ നരകിക്കുമ്പോൾ പിടിക്കപ്പെട്ട ഹിന്ദുത്വ പ്രവർത്തകർക്ക് എളുപ്പം ജാമ്യം നൽകിക്കൊണ്ടിരിക്കുകയാണ്. ഹിന്ദുത്വ ശക്തികളുമായി അടുത്ത ബന്ധം പുലർത്തുന്ന മഹാരാഷ്ട്ര ഭീകരവിരുദ്ധ സ്‌ക്വാഡിന്റെ തലവനെ തൽസ്ഥാനത്തു നിന്ന് നീക്കം ചെയ്യണം.

● സ്വവർഗരതി നിയമവിധേയമാക്കാനുള്ള ദൽഹി ഹൈക്കോടതി വിധി അധാർമികതയെ പ്രോത്സാഹിപ്പിക്കാൻ മാത്രമേ ഉപകരിക്കൂ. പീനൽകോഡ് ഭേദഗതിക്കൊരുങ്ങും മുമ്പ് ഇന്ത്യൻ സമൂഹത്തിലെ മുഴുവൻ വിഭാഗങ്ങളുടെയും അഭിപ്രായങ്ങൾ ആരായണമായിരുന്നു.

● സ്വാതന്ത്ര്യാനന്തരം ന്യൂനപക്ഷങ്ങളുടെ ചലനവും സ്ഥിരതാമസവും പഠിക്കാനെന്നപേരിൽ ഗുജറാത്തിൽ മോഡി സർക്കാർ മുസ്‌ലിംകളുടെ വിശദാംശങ്ങൾ പഠിക്കാൻ കമീഷനെ നിയോഗിച്ച നടപടി അത്യന്തം ഗുരുതരമാണ്. മുസ്‌ലിംകളെ കൂട്ടത്തോടെ കൊന്നൊടുക്കാൻ ഈ വിവരങ്ങൾ ഹിന്ദുത്വശക്തികൾക്ക് സഹായകമാവും. സർക്കാർ രേഖകളിലെ വിവരങ്ങൾ 2002ലെ കലാപത്തിൽ വി.എച്ച്.പി വ്യാപകമായി ഉപയോഗിച്ചിരുന്നു.

രാഷ്ട്രപതി തിരിച്ചയച്ച ഗുജറാത്ത് ഭീകരവിരുദ്ധ ബിൽ നിയമസഭയിൽ പുനരവതരിപ്പിക്കാനുള്ള മോഡിയുടെ നീക്കം ആശങ്കാജനകമാണ്. ന്യൂനപക്ഷങ്ങൾക്കുള്ള പല കേന്ദ്ര പദ്ധതികളും മോഡി തന്റെ സംസ്ഥാനത്ത് നടപ്പാക്കാതിരിക്കുകയാണ്. ഗുജറാത്തിലെ സർക്കാറിനെ പിരിച്ചുവിട്ട് കേന്ദ്രഭരണം നടപ്പാക്കാൻ ഇക്കാര്യങ്ങളെല്ലാം മതിയായ കാരണങ്ങളാണ്.

● ദൽഹിയിലെ അന്ധേരിമോറിലെ 140 വർഷം പഴക്കമുള്ള ദിബിയാവാലി മസ്ജിദ് പൊളിച്ചതിലും രോഹിണിയിൽ പള്ളി പണിയാൻ അനുവദിച്ച സ്ഥലത്ത് വർഗീയ ശക്തികളുടെ ഇടപെടൽ മൂലം അനുമതി നിഷേധിച്ചതിലും കടുത്ത പ്രതിഷേധം രേഖപ്പെടുത്തുന്നു. ആർക്കിയോളജിക്കൽ സർവെ ഓഫ് ഇന്ത്യയുടെ അധീനതയിലുള്ള മുഴുവൻ മസ്ജിദുകളിലും നമസ്‌കാരത്തിന് അനുമതി നൽകണമെന്നും യോഗം ആവശ്യപ്പെട്ടു.

● ഷോപിയാനിൽ രണ്ട് സ്ത്രീകളെ ബലാത്സംഗം ചെയ്ത് കൊന്ന സൈനികരെ മാതൃകാപരമായി ശിക്ഷിക്കണം. കശ്മീരികളുടെ മനുഷ്യ-പൗരാവകാശങ്ങളെ ചവിട്ടിമെതിക്കുന്ന ആംഡ്‌ഫോഴ്‌സ് സ്‌പെഷ്യൽ പവേഴ്‌സ് ആക്ട് പിൻവലിക്കണം. താഴ്‌വരയിലെ സേനാ സാന്നിധ്യം കുറക്കണം.

## ഓഖ്‌ലയിൽ ബി.ജെ.പിക്ക് മുസ്‌ലിം സ്ഥാനാർഥി

ദൽഹി നിയമസഭയിലെ ഓഖ്‌ല നിയോജകമണ്ഡലത്തിലെ എം.എൽ.എ പർവേസ് ഹശ്മിയെ കോൺഗ്രസ് രാജ്യസഭയിലേക്ക് നാമനിർദേശം ചെയ്തതിനാൽ ഉടനെ നടക്കാനിരിക്കുന്ന ഉപതെരഞ്ഞെടുപ്പിൽ ഒരു മുസ്‌ലിം സ്ഥാനാർഥിയെ മത്സരിപ്പിക്കാൻ ബി.ജെ.പി തീരുമാനിച്ചു. ഇർഫാൻ അഹ്മദാണ് ഈ മുസ്‌ലിം 'കാവി'സ്ഥാനാർഥി. ബട്‌ല ഹൗസ്, സാകിർനഗർ, അബുൽഫസൽ എൻക്ലേവ്, ശാഹിൻബാഗ് തുടങ്ങിയ പ്രദേശങ്ങൾ ഉൾക്കൊള്ളുന്ന മണ്ഡലത്തിൽ 50 ശതമാനത്തിലധികം മുസ്‌ലിം വോട്ടർമാരാണ്. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ 500 വോട്ടിന് പരാജയപ്പെട്ട ആസിഫ് മുഹമ്മദ് ഖാൻ വീണ്ടും സ്ഥാനാർഥിയാകുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്.

## മുസ്‌ലിം യുവാക്കളെ വെടിവെച്ച അഅ്‌സംഗഢ് എം.പിയെ അറസ്റ്റ് ചെയ്യണം

ഉലമ കൗൺസിൽ നേതാക്കളെ വധിക്കാൻ ശ്രമിക്കവെ അബ്ദുർറഹ്മാൻ എന്ന 22 കാരനെ വെടിവെച്ച് കൊല്ലുകയും 3 യുവാക്കളെ പരിക്കേൽപിക്കുകയും ചെയ്ത അഅ്‌സംഗഢിലെ ബി.ജെ.പി എം.പി രമാകാന്ത് യാദവിനെ അറസ്റ്റുചെയ്യണമെന്ന് മുസ്‌ലിം നേതാക്കൾ പ്രസ്താവനയിൽ ആവശ്യപ്പെട്ടു. നേരത്തെ തന്നെ ക്രിമിനൽ റെക്കോർഡുള്ള യാദവിനെ സഭയിൽനിന്ന് പുറത്താക്കണമെന്നും നേതാക്കൾ ആവശ്യപ്പെട്ടു. ഡോ. സഫറുൽ ഇസ്‌ലാംഖാൻ, മുജ്തബാ ഫാറൂഖ്, അബ്ദുൽവഹാബ് ഖിൽജി, ഡോ. എസ്.ക്യു.ആർ ഇൽയാസ്, ഡോ. തസ്‌ലിം റഹ്മാനി, സീഷാൻ ഹിദായത്തി, അസ്ഗർ ഇമാം മെഹ്ദി സലഫി, അബ്ദുൽ ഹമീദ് നുഅ്മാനി, ഫിറോസ്ഖാൻ ഖാസി എന്നിവരാണ് കോ-ഓർഡിനേഷൻ കമ്മിറ്റി ഫോർ ഇന്ത്യൻ മുസ്‌ലിംസ് പുറപ്പെടുവിച്ച പ്രസ്താവനയിൽ ഒപ്പുവെച്ചിരിക്കുന്നത്.

**അബ്ബാദ്**